150 YEARS OF CELEBRATING THE MAHATMA

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം, വികാസ് ഭവൻ,

നം.ഇഎ (2) 2772/2019/ഡിഇഎസ് തീയതി: 18/05/2019

## പരിപത്രം

വിഷയം:- ഡിഇഎസ് - ജീവനക്കാര്യ വിഭാഗം - കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ഈ ആഫീസിലെ 19/09/2018 ലെ ഇഎ(2) 21993/2018/ഡിഇഎസ് നമ്പർ പരിപത്രം.
2) ഡി.പി.സി (ഹയർ) കൺവീനറുടെ നിർദ്ദേശം.

വകുപ്പിലെ ഗസറ്റഡ് / നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ തുടർ പ്രൊമോഷന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി മുമ്പാകെ ഹാജരാക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഓരോ കലണ്ടർ വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സൂചന (1) പരിപത്രത്തിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായും സമയബന്ധിതമായും ആസ്ഥാന കാര്യാലയത്തിൽ ലഭ്യമാക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ ഡി.പി.സി ചേരുന്നതിന് ആവശ്യമായ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല. കൂടാതെ സൂചന (1) പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുള്ള റിപ്പോർട്ടിംഗ് / റിവ്യൂവിംഗ് ആഫീസർ മുഖേനയല്ലാതെയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

i. ഓരോ കലണ്ടർ വർഷത്തെയും കോൺഫിഡൻഷ്യൽ റിപ്പോർട്ട് തൊട്ടടുത്ത കലണ്ടർ വർഷം ജനുവരി ആദ്യവാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.
ii. സൂചന (1) സർക്കുലറിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ തന്നെ റിപ്പോർട്ട് / റിവ്യൂ ചെയ്ത് കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.